## ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST
### CLASS 6 (COMPETITIVEEXAM 2024)

**1) ഏത് സന്ദർഭത്തിലാണ് 'രക്തത്തെ പുതിയ ഉടമ്പടിയുടെ അടയാളമായി' യേശു വിശേഷിപ്പിച്ചത്?**
**A) അന്ത്യ അത്താഴം**
B) ഗിരിപ്രഭാഷണം
C) പുനരുത്ഥാനം
D) സ്വർഗ്ഗാരോഹണം

**2) വിശുദ്ധ കുർബാനയിൽ സംബന്ധിക്കുമ്പോൾ എന്ത് മനോഭാവമാണ് നമുക്ക് ആവശ്യം?**
**A) ശരിയായ ഒരുക്കവും ഭക്തിയും**
B) നിസ്സംഗതയും അശ്രദ്ധയും
C) അശ്രദ്ധയും തിടുക്കവും
D) സംശയവും ചോദ്യങ്ങളും

**3) ഗെത്സെമനയിൽ പ്രാർത്ഥിക്കുമ്പോൾ എന്ത് ചെയ്യാനാണ് യേശു തന്റെ ശിഷ്യന്മാരെ ഉപദേശിച്ചത്?**
**A) ഉണർന്നും ജാഗ്രതയോടും ഇരിക്കുക**
B) ഉറങ്ങുകയും വിശ്രമിക്കുകയും ചെയ്യുക.
C) പ്രാർത്ഥിക്കുമ്പോൾ യേശുവിനെ ശല്യപ്പെടുത്തരുത്.
D) സങ്കീർത്തനങ്ങൾ ആലപിക്കുക.

**4) തന്നെ തള്ളിപ്പറഞ്ഞ പത്രോസിനോട് യേശു ക്ഷമിക്കാൻ കാരണമെന്താണ്?**
**A) അനുതപിച്ചു.**
B) ശിക്ഷ ഏറ്റുവാങ്ങി.
C) ഉപദേശം സ്വീകരിച്ചു.
D) ശപിച്ചു.

**5) യേശുവിന്റെ വിസ്താരവേളയിൽ അവനെ ആദ്യം ചോദ്യം ചെയ്തത് ആരാണ്?**
**A) ഹന്നാസ്**
B) കയ്യഫാവ്
C) ബറാബ്ബാസ്
D) പീലാത്തോസ്

**6) യേശുവിന്റെ വിസ്താരത്തെ സംബന്ധിക്കുന്ന തെറ്റായ പ്രസ്താവന തെരഞ്ഞെടുക്കുക.**
**A) യേശുവിനെ സാക്ഷിക്കാൻ അപ്പോസ്തോലന്മാർ മുന്നോട്ടുവന്നു.**
B) പ്രഭാതത്തിൽ യേശുവിനെ സന്നിദ്രീം സംഘത്തിന്റെ മുമ്പാകെ കൊണ്ടുവന്നു.
C) സന്നിദ്രീം സംഘം യേശുവിൽ ദൈവനിന്ദയും രാജ്യദ്രോഹവും ആരോപിച്ചു.
D) ജനക്കൂട്ടം ബറാബ്ബാസിന് അനുകൂലമായി ആർത്തുവിളിച്ചു.

**7) റോമൻ സൈനികരിൽ നിന്നുള്ള അവഹേളനവും ഉപദ്രവവും യേശു നേരിട്ടത് എങ്ങനെയാണ്?**
**A) യേശു നിശബ്ദമായി സഹിച്ചു.**
B) യേശു ദേഷ്യത്തോടെ പ്രതികരിച്ചു.
C) യേശു കരുണയ്ക്കായി അഭ്യർത്ഥിച്ചു.

D) വിസ്താരത്തിൽ നിന്നും രക്ഷപെടാൻ യേശു ശ്രമിച്ചു.

**8) യേശുവിന്റെ കുരിശുമരണവുമായി ബന്ധപ്പെട്ട തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
A) <u>ദിവസത്തിന്റെ ഒമ്പതാം മണിനേരത്ത് യേശുവിനെ കുരിശിച്ചു.</u>
B) യേശുവിനൊപ്പം രണ്ടു കുറ്റവാളികളെയും കുരിശിച്ചു.
C) കുരിശിൽ നിന്നും യേശു ഏഴു മൊഴികൾ പറഞ്ഞു.
D) നീതിമാനായ കള്ളന്റെ അനുതാപം യേശു കേട്ടു.

**9) കുരിശിൽ മരിച്ച യേശുവിന്റെ ശരീരം സംസ്കരിക്കുന്നതിനു പീലാത്തോസിൽ നിന്നും അനുമതി വാങ്ങിയത് ആരാണ്?**
A) <u>അരിമത്യകാരൻ ജോസഫ്</u>
B) നിക്കോദിമോസ്
C) ശീമോൻ പത്രോസ്
D) സെബദിയുടെ മകനായ യോഹന്നാൻ

**10) യേശുവിന്റെ കല്ലറയുടെ സമീപമുണ്ടായിരുന്ന മാലാഖ വിവരിച്ചത് എന്താണ്?**
A) <u>കല്ലറ ശൂന്യമായിരിക്കുന്നതിന്റെ കാരണം.</u>
B) കല്ലറ മുദ്രവച്ചതിന്റെ കാരണം.
C) യേശുവിനെ കബറടക്കിയതിന്റെ രീതി.
D) യേശുവിന്റെ ശരീരം സൂക്ഷിച്ചിരിക്കുന്ന സ്ഥലം.

**11) ക്രിസ്ത്യാനികൾ ശനിയാഴ്ചയ്ക്കു പകരം ഞായറാഴ്ച ആരാധനയ്ക്കായി കൂടിവരുന്നതിനു കാരണം എന്താണ്?**
A) <u>യേശു ഞായറാഴ്ച ഉത്ഥാനം ചെയ്തു.</u>
B) യഹൂദ കലണ്ടർ അനുസരിച്ചു ഞായർ വിശുദ്ധ ദിവസമാണ്.
C) ക്രിസ്ത്യാനികൾ യഹൂദ പാരമ്പര്യങ്ങൾ പിന്തുടരുന്നു.
D) അത് പൂർണ്ണചന്ദ്രനുള്ള ദിവസമാണ്.

**12) ഈജിപ്തിൽ നിന്നും കനാനിലെത്താൻ യിസ്രായേല്യർ എത്ര വർഷം എടുത്തു?**
A) <u>നാല്പത് വർഷം</u>
B) പത്തു വർഷം
C) 128 വർഷം
D) 28 വർഷം

**13) പത്തു കല്പനകൾ രേഖപ്പെടുത്തിയിരിക്കുന്ന പഴയനിയമ വേദഭാഗങ്ങൾ ഏതെല്ലാം?**
A) <u>പുറപ്പാട് 20:1-17, ആവർത്തനം 5:6-21</u>
B) ഉല്പത്തി 8:1-16, പുറപ്പാട് 4:1-16
C) സംഖ്യ 15:5-17, 1 രാജാക്കന്മാർ 14:8-23
D) സങ്കീർത്തനം 8:1-10, സദൃശ്യവാക്യം 1:1-10

**14) അഹരോനും ജനങ്ങളും നിർമിച്ച സ്വർണ്ണ കാളക്കുട്ടിയെ മോശ എന്ത് ചെയ്തു?**
A) <u>തീയിലിട്ടു ചുട്ടു.</u>
B) കാളകുട്ടിയുടെ മുൻപാകെ ഒരു ബലിപീഠം പണിതു.
C) ബലിപീഠത്തിൽ യാഗങ്ങൾ അർപ്പിച്ചു.
D) കാളക്കുട്ടിയെ ഈജിപ്തുകാർക്ക് നൽകി.

**15) വാഗ്ദത്തദേശമായ കനാനിലേക്കെത്താൻ ഹ്രസ്വമായ തീരദേശ പാത ഇസ്രായേല്യർ തെരഞ്ഞെടുക്കാതിരുന്നത് എന്തുകൊണ്ട്?**

A) **ഫെലിസ്ത്യരുടെ പ്രദേശം ഒഴിവാക്കാൻ.**
B) അവർ കാലാവസ്ഥയുടെ കാഠിന്യത്തെ ഭയന്നു.
C) അവർ മരുഭൂമിയിൽ നിന്നും രക്ഷപെടാൻ ആഗ്രഹിച്ചു.
D) അവർക്ക് കനാനിലെ ഭൂപ്രദേശം പരിചയമില്ലായിരുന്നു.

**16) തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
A) **യിത്രോ യിസ്രായേല്യരെ യുദ്ധത്തിൽ നയിച്ചു.**
B) 'യഹോവ സകല ദേവന്മാരിലും വലിയവൻ' എന്ന് യിത്രോ സാക്ഷിച്ചു.
C) ജനത്തെ നയിക്കുന്നതിൽ യിത്രോയുടെ സഹായം മോശയ്ക്ക് ലഭിച്ചു.
D) സിപ്പോറ, ഗർഷോം, ഏലിയാസെർ എന്നിവരോടൊപ്പം യിത്രോയും മോശയ്ക്കൊപ്പം ചേർന്നു.

**17) കൂടാരപ്പെരുന്നാളിൽ അനുസ്മരിക്കുന്നത് എന്താണ്?**
A) **മരുഭൂയാത്രയിൽ ലഭിച്ച ദൈവസംരക്ഷണം.**
B) പത്തു കല്പനകൾ ലഭിച്ചത്.
C) യെരുശലേമിലെ ദേവാലയത്തിന്റെ സമർപ്പണം.
D) ഇവയൊന്നുമല്ല.

**18) മോശയെ സംബന്ധിച്ച് ആവർത്തന പുസ്തകത്തിലെ അവസാനത്തെ വാക്യം നൽകുന്ന വീക്ഷണം എന്താണ്?**
A) **മോശയിലൂടെ പ്രവർത്തിച്ച അത്ഭുതകരമായ പ്രവർത്തികളും ശക്തിയും.**
B) മോശയുടെ നേതൃത്വപാടവവും ആഴമേറിയ ജ്ഞാനവും.
C) മോശയുടെ യാത്രകളും ഫറവോനുമായുള്ള ഏറ്റുമുട്ടലുകളും.
D) മോശയുടെ കുടുംബപശ്ചാത്തലവും പാരമ്പര്യവും.

**19) മോശയിൽ നിന്നും നേതൃത്വം ഏറ്റെടുത്ത യോശുവയുടെ പ്രധാന ദൗത്യം എന്തായിരുന്നു?**
A) **കനാൻ ദേശം കീഴടക്കി വിഭജിച്ചു നൽകുക.**
B) മരുഭൂമിയിലൂടെയുള്ള യാത്ര തുടരുക.
C) ശലോമോൻ രാജാവിന് വേണ്ടി യെരുശലേമിൽ ദേവാലയം പണിയുക.
D) ഫെലിസ്ത്യരോടു ബന്ധം സ്ഥാപിക്കുക.

**20) യിസ്രായേലിൽ നിന്നുള്ള ഒറ്റുകാരെ രക്ഷിക്കുന്നതിന് സഹായം നല്കിയതാരാണ്?**
A) **രാഹാബ്**
B) യോശുവ
C) മോശ
D) എസ്ഥേർ

**21) കാലേബിനെ കുറിച്ചുള്ള തെറ്റായ പരാമർശം തെരഞ്ഞെടുക്കുക**
A) **കനാനിലെ ജനങ്ങളെ ഭയക്കണമെന്ന് കാലേബ് യിസ്രായേല്യരെ ഓർമിപ്പിച്ചു.**
B) യോശുവയോടൊപ്പം കാലേബ് യുദ്ധങ്ങൾ ചെയ്തു.
C) കാലേബിന് ഹെബ്രോൻ നൽകി.
D) ഈജിപ്തിൽ നിന്നും പുറപ്പെട്ടവരിൽ യോശുവയും കാലേബും മാത്രമാണ് കനാനിലെത്തിയത്.

**22) തന്റെ മരണത്തിനു മുൻപായി യിസ്രായേല്യരെ എല്ലാം യോശുവ വിളിച്ചുകൂട്ടിയത് എവിടെ?**
A) **ശെഖേം താഴ്വാര**
B) സീനായ് മല
C) യെരീഹോ പട്ടണം
D) സീനായി മരുഭൂമി

**23) താഴെ പറയുന്നവയിൽ സങ്കീർത്തനം 51 ലെ ആശയങ്ങളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**

A) അനുതപിക്കുന്നവർക്ക് ദൈവിക ദർശനം ലഭിക്കും.

B) ദൈവകൃപയാണ് പാപത്തെ സുഖപ്പെടുത്തുന്നത്.

C) ദൈവാത്മാവിന്റെ നിരന്തരമായുള്ള സഹായം നമുക്ക് വേണം.

D) അനുതാപഹൃദയത്തെ ദൈവം നിരസിക്കുന്നില്ല.

**24) 'നിന്റെ വശത്തു ആയിരം പേരും നിന്റെ വലത്തുവശത്തു പതിനായിരം പേരും വീഴും, എങ്കിലും അതു നിന്നോടു അടുത്തുവരികയില്ല.' ഏത് സങ്കീർത്തനത്തിലെ വാക്യമാണ് ഇത്?**

A) സങ്കീർത്തനം 91

B) സങ്കീർത്തനം 23

C) സങ്കീർത്തനം 51

D) സങ്കീർത്തനം 118

**25) സ്വർഗ്ഗത്തിലേക്ക് നോക്കി തീർത്ഥയാത്ര ചെയ്യുന്ന പരിശുദ്ധ സഭാംഗങ്ങൾ എന്ന നിലയിൽ സങ്കീർത്തനം 121 നമ്മിൽ ഉറപ്പിക്കുന്നത് എന്താണ്?**

A) നമ്മുടെ വിശ്വാസം

B) നമ്മുടെ ഭൗതിക സമ്പാദ്യങ്ങൾ

C) നമ്മുടെ സാമൂഹിക നില

D) നമ്മുടെ ആരോഗ്യം

**26) യെശയ്യാ പ്രവാചകൻ കണ്ട ദർശനത്തിലെ സ്രോപ്പന്മാരെക്കുറിച്ചുള്ള തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**

A) അവർ സ്വർഗീയ സൈന്യങ്ങളെ സേവിക്കാൻ നിയോഗിതരാണ്.

B) അവർ സ്വർഗത്തിൽ ദൈവത്തെ നിരന്തരം സ്തുതിക്കുന്നു.

C) അവർ മാലാഖമാരുടെ ഒരു കൂട്ടമാണ്.

D) അവർ ദൈവസന്നിധിയിൽ നിൽക്കുന്നു.

**27) ഗീതം പൂർത്തിയാക്കുക.**
**'അട്ടഹസിക്കുന്നിരു ചിറകും**
**കൊട്ടിയവർ ന്നിട്ടേവം**
**പരിശുദ്ധൻ നീ പരിശുദ്ധൻ**
**പരിശുദ്ധൻ നീ ..............'**

A) ദൈവസുതാ

B) ശുദ്ധാത്മാവേ

C) നിത്യതയെന്നും

D) രക്ഷാകരനെ

**28) എന്താണ് 'കുക്കിലിയോൻ'?**

A) പ്രാർത്ഥനാചക്രം

B) സംഗീത ഉപകരണം

C) ഒരു ആഘോഷം

D) മോറാനായ പെരുന്നാൾ

**29) വിശുദ്ധ കുർബാനയിൽ ഉപയോഗിക്കുന്ന കുക്കിലിയോനുകളെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**

A) ഇവയിൽ സുവിശേഷങ്ങളിൽ നിന്നുള്ള വാക്യങ്ങൾ ഉപയോഗിക്കുന്നു.

B) ഇവ മധ്യസ്ഥ പ്രാർത്ഥനകളാണ്.

C) ഇവയിലൂടെ നാം ജീവനുള്ളവരെയും വാങ്ങിപോയവരെയും സ്മരിക്കുന്നു.

D) ഇവയിൽ ചിലപ്പോൾ പ്രോമിയോനും സെദറായും ചേർക്കുന്നു.

**30) റോമൻ ഭരണത്തിന്റെ ഏതു പ്രത്യേകതയാണ് ആദിമ ക്രൈസ്തവ സഭയ്ക്ക് ഉപകാരപ്പെട്ടത്?**

A) പരസ്പര സഹകരണവും മെച്ചപ്പെട്ട വാർത്താവിനിമയ സൗകര്യങ്ങളും.
B) സൈന്യത്തിന്റെ ശക്തിയും സാന്നിധ്യവും.
C) പുതിയ മത നിയമങ്ങളും സംഘടനകളും.
D) ഗ്രീക്ക് അക്കാദമികളുടെയും സ്കൂളുകളുടെയും വ്യാപനം.

**31) ആദിമ നൂറ്റാണ്ടുകളിൽ ക്രിസ്തീയ സഭയിലേക്ക് അനേകർ ആകർഷിക്കപ്പെടാൻ കാരണം എന്താണ്?**

A) അസ്തിത്വപരമായ ചോദ്യങ്ങൾക്കുള്ള കൃത്യമായ ഉത്തരങ്ങൾ.
B) പ്രവാചകന്മാരുടെയും രാജാക്കന്മാരുടെയും ആരാധന.
C) ആരാധനയിൽ ചടങ്ങുകളും ആചാരങ്ങളും.
D) രാഷ്ട്രീയ ശക്തിയും സ്വാധീനവും.

**32) യഹൂദന്മാർക്കിടയിൽ പാലിച്ചിരുന്ന ഏതു കാര്യമാണ് ക്രിസ്തീയ സഭയുടെ വളർച്ചയെ സഹായിച്ചത്?**

A) വിശുദ്ധ ഗ്രന്ഥത്തിന്റെ പാരായണം.
B) ആരാധനാരീതികളിലുള്ള വിട്ടുവീഴ്ച.
C) അനേകം ദേവന്മാരെയും ദേവതകളെയും ആരാധിക്കുന്നു.
D) ഏക ദൈവത്തിൽ വിശ്വാസമില്ല.

**33) റമ്പാൻ പാട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലത്തേക്ക് മാർത്തോമാ ശ്ലീഹായോടൊപ്പം വന്ന വ്യക്തി ആരാണ്?**

A) കേപ്പാ
B) യോഹന്നാൻ
C) മാറി
D) അദ്ദായി

**34) മാർത്തോമാ ശ്ലീഹാ സ്ഥാപിച്ച പള്ളികളുമായി ബന്ധപ്പെട്ട് തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**

A) കടലിൽ നിന്നും വിദൂരമായ സ്ഥലത്താണ് ഈ പള്ളികളെല്ലാം.
B) അവ പ്രധാന വാണിജ്യകേന്ദ്രങ്ങളിൽ സ്ഥിതിചെയ്തിരുന്നു.
C) ഈ സ്ഥലങ്ങളിൽ യഹൂദന്മാരുടെ സാന്നിധ്യം ഉണ്ടായിരുന്നു.
D) ഈ സ്ഥലങ്ങളിൽ അനേകർ ക്രിസ്തുമതം സ്വീകരിച്ചു.

**35) യെശയ്യാ പ്രവചനം അധ്യായം 53ന്റെ അടിസ്ഥാനത്തിൽ യേശു ക്രിസ്തു നമ്മിൽ നിന്നും ഏറ്റെടുത്തത് എന്താണ്?**

A) നമ്മുടെ പാപങ്ങളും മുറിവുകളും
B) നമ്മുടെ സന്തോഷവും ആഘോഷങ്ങളും
C) നമ്മുടെ സമ്പത്തും വിഭവങ്ങളും
D) നമ്മുടെ ഭയവും സംശയവും

**36) വിശുദ്ധ കുർബാനയെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**

A) ജീവനോടുള്ള വിശുദ്ധർ മാത്രമാണ് പങ്കെടുക്കുന്നത്.
B) സ്വർഗത്തിൽ നടക്കുന്ന നിത്യമായ ആരാധനയുടെ ഭൗമികമായ നിഴലാണ് ഇത്.
C) പരിശുദ്ധ മാലാഖമാരും പങ്കെടുക്കുന്നു.
D) പരിശുദ്ധ മറിയവും പഴയനിയമ വിശുദ്ധരും പങ്കെടുക്കുന്നു.

**37) ഒക്ടോബർ 30, 31 എന്നീ തീയതികൾ ഞായറാഴ്ച അല്ലെങ്കിൽ കൂദോശ് ഈത്തോ പെരുന്നാൾ ആചരിക്കുന്നത് എന്നാണ്?**

A) നവംബറിലെ ആദ്യ ഞായർ.
B) ഒക്ടോബറിലെ അവസാന ഞായർ.

C) നവംബറിലെ രണ്ടാം ഞായർ.
D) ഡിസംബറിലെ ആദ്യ ഞായർ.

**38) വിശുദ്ധ കുർബാനയിൽ അവിശ്വാസികൾക്കും വേദപഠിതാക്കൾക്കും പങ്കെടുക്കാൻ അനുവാദമുള്ള ഭാഗം ഏതാണ്?**
**A) തിരുവചനത്തിന്റെ ആരാധന.**
B) സ്തുതിപ്പിന്റെ ആരാധന.
C) നന്ദിയർപ്പണത്തിന്റെ ആരാധന.
D) അനഫോറ

**39) വിശുദ്ധ കുർബാനയിൽ മദ്ബഹായുടെ വടക്കുഭാഗത്ത് വായിക്കുന്ന പുതിയ നിയമപുസ്തകങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?**
**A) വെളിപ്പാട്**
B) അപ്പോസ്തോല പ്രവർത്തികൾ
C) യാക്കോബ് ശ്ലീഹായുടെ ലേഖനം
D) യോഹന്നാൻ ശ്ലീഹായുടെ ലേഖനങ്ങൾ

**40) പൗരസ്ത്യ ദൈവശാസ്ത്രത്തിൽ തിന്മയിൽ നിന്ന് നന്മയിലേക്കുള്ള രൂപാന്തരത്തെ വിളിക്കുന്നത് എന്താണ്?**
**A) ദൈവീകരണം**
B) പുനർജ്ജീവനം
C) വീണ്ടെടുപ്പ്
D) വിമലീകരണം

**41) ആത്മീയ വളർച്ചയിൽ സഭയുടെ പങ്ക് എന്താണ്?**
**A) ആത്മീയ മാതാവായി പോഷണം നൽകുന്നു.**
B) വിനോദത്തിനുള്ള ഇടമായി പ്രവർത്തിക്കുന്നു.
C) ക്രിയാത്മതയ്ക്കുള്ള വേദി നൽകുന്നു.
D) ശാരീരിക പരിപോഷണം നൽകുന്നു.

**42) സഭയിലെ പുരോഹിതരുടെ പ്രഥമ ദൗത്യം ഏതാണ്?**
**A) വിശ്വാസികളുടെ സമൂഹത്തെ നയിക്കുക.**
B) വിശ്വാസികൾക്കായി വിനോദ പരിപാടികൾ നടത്തുക.
C) പുതിയ പള്ളി കെട്ടിടങ്ങൾ പണിയുക.
D) പള്ളിയിൽ സാമൂഹിക, രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

**43) നമ്മിൽ പരിശുദ്ധാത്മാവ് പ്രവർത്തിക്കുമ്പോൾ എന്ത് സംഭവിക്കും?**
**A) ജഡീകസ്വഭാവം രൂപാന്തരപ്പെട്ട് ആത്മീയസ്വഭാവമുണ്ടാകും.**
B) ലോകത്തിൽ തിന്മ വർധിക്കും.
C) മനുഷ്യർ ഭൗതികവാദികളാകും.
D) ശരീരത്തിന് രൂപാന്തരം സംഭവിക്കും

**44) പൂർത്തിയാക്കുക. 'ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ,.......…, പരോപകാരം, വിശ്വസ്തത, സൌമ്യത, ..............'.**
**A) ദയ, ഇന്ദ്രീയ ജയം**
B) ശ്രേഷ്ഠത, പ്രതീക്ഷ
C) കൃതജ്ഞത, വിനയം
D) ജ്ഞാനം, ക്ഷമ

**45) അറിയോസിന്റെ വേദവിപരീതത്തെ എതിർക്കാൻ വിശുദ്ധ അന്തോണിയോസ് ആരെയാണ് പിന്തുണച്ചത്?**
**A) വിശുദ്ധ അത്താനാസിയോസ്**
B) വിശുദ്ധ പോളിക്കാർപ്പോസ്

C) അന്ത്യോക്യയിലെ വിശുദ്ധ സേവേറിയോസ്
D) അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നാത്തിയോസ്

**46) ജീവിതത്തിൽ ആത്മനിയന്ത്രണം നേടാൻ അനിവാര്യമായത് എന്താണ്?**
**A) ആത്മീയ ശിക്ഷണം ശീലിക്കുക.**
B) സാമൂഹിക കൂട്ടായ്മകളിൽ പങ്കുചേരുക.
C) ക്ഷണികമായ വിജയങ്ങളിൽ ശ്രദ്ധിക്കുക.
D) എല്ലാ സൗഹൃദങ്ങളും കൂട്ടായ്മകളും ഒഴിവാക്കുക.

**47) വിശുദ്ധ പക്കോമിയോസിന്റെ പഠിപ്പിക്കൽ അനുസരിച്ച് ഒരു നല്ല സന്യാസിക്ക് ആവശ്യമായ ഗുണങ്ങൾ ഏതെല്ലാം?**
**A) അനുസരണവും ദൈവിക സ്നേഹവും.**
B) സമ്പത്തിന്റെ സമാഹരണം
C) പ്രശസ്തിക്കും അംഗീകാരത്തിനുമുള്ള ആഗ്രഹം.
D) എപ്പോഴും സാമൂഹിക പ്രവർത്തനങ്ങളിലുള്ള പങ്കെടുക്കൽ.

**48) പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത ആരംഭിച്ച പ്രസ്ഥാനം ഏതാണ്?**
**A) സ്ലീബാദാസ സമൂഹം**
B) എം. ജി. ഓ. സി. എസ്സ്. എം
C) ഓർത്തോഡോക്സ് സ്റ്റഡി ഫോറം
D) സൊസൈറ്റി ഫോർ സോഷ്യൽ റീഫോം

**49) യഥാർത്ഥ സ്നേഹത്തിനു അനിവാര്യമായത് എന്താണ്?**
**A) ത്യാഗം**
B) അംഗീകാരം
C) സ്വാതന്ത്ര്യം
D) സാമൂഹിക പ്രവർത്തനങ്ങൾ

**50) ദൈവം യിസ്രായേല്യർക്ക് പത്തു കല്പനകൾ നൽകിയത് എന്തിനാണ്?**
**A) നീതി, സത്യനിഷ്ഠ എന്നിവ നടപ്പിലാക്കാൻ.**
B) ദൈവിക കാര്യങ്ങളെക്കുറിച്ചു ഭയക്കാൻ.
C) സ്വാർത്ഥത ഇല്ലാതെ ജീവിക്കാൻ
D) യിസ്രായേല്യരുടെ ഒരു രാജ്യം സ്ഥാപിക്കാൻ